**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് -ബംഗ്ലായി തോട് ലേലം- ബഹു.ഹൈക്കോടതിയുടെ 19.03.2018 തീയതിയിലെ Wp(c) 11301/2009-ാം നമ്പർ വിധിന്യായം നടപ്പിലാക്കുന്നത്-മുൻ സർക്കാർ ഉത്തരവ് നിലനിർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ ) നം.793/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 02.04.2019

---

പരാമർശം: 1) 12.01.2009 തീയതിയിലെ സ.ഉ(സാധാ).98/2009 നമ്പർ ഉത്തരവ്

2) 19.03.2018 ലെ ബഹു. ഹൈക്കോടതിയുടെ Wp(c) 11301/2009-ാം നമ്പർ വിധിന്യായം.

**ഉത്തരവ്**

കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബംഗ്ലായി തോടിൽനിന്നും 2002-2003 വർഷത്തേയ്ക്കുള്ള മത്സ്യബന്ധനാവകാശം ശ്രീ. തമ്പി വെൺമലശ്ശേരി എന്നയാൾക്ക് 34,550/- രൂപയ്ക്ക് പഞ്ചായത്ത് ലേലം ചെയ്ത് നൽകുകയുണ്ടായി. എന്നാൽ ശ്രീ അഭയൻ അമ്മഞ്ചേരി എന്നയാൾ 38,000/-രൂപയുടെ അപേക്ഷ സമർപ്പിച്ചത് പരിഗണിച്ച് പഞ്ചായത്ത്, കൂടിയ തുകയായ 38,000/- രൂപയ്ക്ക് മത്സ്യബന്ധനാവകാശം ടിയാൾക്ക് നെഗോഷ്യേറ്റ് ചെയ്ത് നൽകുകയുണ്ടായി. ഇതിനെതിരെ ശ്രീ. തമ്പി വെൺമലശ്ശേരി, തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാനെ സമീപിച്ചപ്പോൾ, മത്സ്യബന്ധനാവകാശം ശ്രീ.അഭയന് നൽകിയ പഞ്ചായത്ത് തീരുമാനം താത്ക്കാലികമായി സ്റ്റേ ചെയ്യുകയുമുണ്ടായി. പിന്നീട് സ്റ്റേ പിൻവലിച്ച് ഉത്തരവായിരുന്നുവെങ്കിലും മത്സ്യബന്ധനാവകാശം ശ്രീ.അഭയന് യഥാസമയം തിരികെ നൽകുവാൻ പഞ്ചായത്തിന് സാധിച്ചില്ല.

ഈ സാഹചര്യത്തിൽ ശ്രീ.അഭയൻ, നഷ്ടപരിഹാരമായി 75,000/- രൂപ അനുവദിക്കണമെന്ന് പരാതി സമർപ്പിച്ചതിൽ ,ടിയാന് 38,000/- രൂപ അനുവദിക്കാമെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ആയത് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയും മേൽ ശുപാർശ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

ഓംബുഡ്സ്മാന്റെ സ്റ്റേ ഉത്തരവ് നീക്കിയ 26.11.2002 മുതൽ 31.03.2003 വരെയുള്ള കാലയളവ് ലേലക്കാരന് മത്സ്യ ബന്ധനത്തിനായി തോട് അനുവദിച്ച് നൽകുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതായി വ്യക്തമായ സാഹചര്യത്തിൽ ലേലക്കാരനായ ശ്രീ.അഭയന് 38,000/- രൂപ (മുപ്പത്തി എണ്ണായിരം രൂപ മാത്രം) മടക്കി നൽകുവാൻ പഞ്ചായത്തിന് അനുമതി നൽകിക്കൊണ്ടും ഓംബുഡ്സ്മാന്റെ സ്റ്റേ ഉത്തരവ് നീക്കിയ 26.11.2002 മുതൽ 31.03.2003 വരെയുള്ള കാലയളവിൽ ലേലക്കാരന് മത്സ്യ ബന്ധനത്തിന് അനുമതി നൽകുന്നതിന് പഞ്ചായത്ത് വീഴ്ച വരുത്തിയതിനാൽ പ്രതിമാസം 3166 രൂപ (38,000/12) എന്നു കണക്കാക്കി മേൽപ്പറഞ്ഞ കാലയളവായ (26.11.2002 മുതൽ 31.03.2003) നാലുമാസത്തെ തുകയായി 3166 x 4 = 12664/- രൂപ (പന്ത്രണ്ടായിരത്തി അറുനൂറ്റി അറുപത്തിനാല് രൂപ മാത്രം) അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവിനെതിരെ കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ഫയൽ ചെയ്ത Wp(c) 301/2009-ാം നമ്പർ റിട്ട് പെറ്റീഷനിൽ പരാതിക്കാരെ നേരിട്ട് കേട്ടശേഷം തീർപ്പ് കൽപ്പിക്കാൻ പരാമർശം (2) ലെ വിധിന്യായപ്രകാരം ബഹു. ഹൈക്കോടതി സർക്കാറിനോട് ആവശ്യപ്പെട്ടുകയും ആയതിന്റെ വെളിച്ചത്തിൽ ഹർജിക്കാരെ പ്രതിനിധീകരിച്ച് ഹാജരായ മുൻ പഞ്ചായത്ത് പ്രസിഡന്റിനെയും നിലവിലെ പഞ്ചായത്ത് സെക്രട്ടറിയെയും തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയും ഹർജിക്കാർ ഉന്നയിച്ച വാദമുഖങ്ങൾ ബന്ധപ്പെട്ട റെക്കാർഡുകളുടെ വെളിച്ചത്തിൽ സർക്കാർ വിശദമായി പുനഃപരിശോധിക്കുകയും ചെയ്തു.

ഹർജിക്കാരിൽ ഒരാൾ തന്റെ വിഹിതം (1480 രൂപ) പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള സാഹചര്യത്തിലും പഞ്ചായത്ത് ഡയറക്ടറുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും 26.11.2002 മുതൽ 31.03.2003 വരെയുള്ള കാലയളവിൽ ലേലക്കാരന് മത്സ്യബന്ധനത്തിന് തോട് അനുവദിച്ചു നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിനാലും പ്രതിമാസം 3166 രൂപ (38000/12) എന്നു കണക്കാക്കി 26.11.2002 മുതൽ 31.03.2003 വരെയുള്ള കാലയളവിലെ നാലുമാസത്തെ തുകയായ 3166x4=12664/- രൂപയിൽ നിന്നും ഒരാൾ അടച്ചതുകയുടെ ബാക്കി തുകയായ 11184/- രൂപ (പതിനൊന്നായിരത്തി ഒരുനൂറ്റി എൺപത്തി നാല് രൂപ മാത്രം) അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാൻ തീരുമാനിച്ചും ബഹു.ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായം പാലിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മദീന ബീഗം എ.
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് മുഖേന)
ശ്രീ. അഭയൻ, അമ്മാഞ്ചേരി, അയ്യമ്പിള്ളി.പി.ഒ
സെക്രട്ടറി, കുഴിപ്പിള്ളി ഗ്രാമ പഞ്ചായത്ത്,
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
തദ്ദേശസ്വയംഭരണ (എ.എ) വകുപ്പ്
തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ് (പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ചെയ്യുന്നതിന്)
തദ്ദേശസ്വയംഭരണ (ഇ.പി.ബി) വകുപ്പ് (പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ചെയ്യുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ